കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1457/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 17.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-

സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-12, 1-16, 1-21, 1-25, 1-34 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1457/2019 തീയ്യതി: 17.10.2019

# കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 3.2.2019 മുതൽ 17.8.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ . എം . പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2019 മുതൽ 3.9.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കരുവാൻകണ്ടി ബാലൻ | 01.04.18മുതൽ 31.03.19വരെ |
| സെക്രട്ടറി | ശ്രീ .എം. ഹരിദാസൻ | 1-4-18 മുതൽ 31.03.19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.റെജി.പി മാത്യു | 01-04-2018 മുതൽ 22-06-2018 FN വരെ |
| | ശ്രീ.എം.കെ. സജിത്ത് കുമാർ | 22-06-2018 ANമുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിജയൻ. പി.എസ്. | 01-04-2018 മുതൽ 16-06-2018 വരെ F.N. |
| | ശ്രീ.രാജീവൻ. ടി | 16-06-2018 A.N. മുതൽ 06-09-2018 വരെ |
| | ശ്രീ.വിൻസൺ.സി.പി | 07-09-2018 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുജ കാരാട്ട് | 1-4-18 മുതൽ 31.03.19വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രേഖ.വി. | 01-04-2018 മുതൽ 30-11-2018 വരെ |
| | ഡോ.അഞ്ജു | 01-12-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ഇ.കെ. | 1-4-18 മുതൽ 31.03.19വരെ |

| | | |
|---|---|---|
| | നാസിറ, | |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ബീന.പി.കെ. | 01-04-2018 മുതൽ 25-04-2018 വരെ |
| | | 27-04-2018 മുതൽ31-05-2018 വരെ |
| | ഡോ.ആനന്ദ്. ആർ | 26-04-2018 ,<br>01-06-2018 മുതൽ 31-01-2019 വരെ |
| | | 01-02-2019മുതൽ13-02-2019FN വരെ |
| | ഡോ. രനിത്ത് രവീന്ദ്രൻ | 13-02-2019AN മുതൽ31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | ഡോ.അമ്പിളി. സി | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നീനു.സി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സ്മിത.വി. | 1-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (കൊളവല്ലൂർ) | ശ്രീമതി.വിനയഭാസ്കരൻ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (പുത്തൂർ) | ശ്രീമതി.രമ്യ.വികെ. | 01-04-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| | | |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ക്രമവത്കരണരജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-12 |
| 13 | വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 14 | വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ - ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-14 |
| 15 | ഇ-ടെണ്ടർ -ഫീയിനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 16 | വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല- മുഴുവൻവ്യാപാരികളും തൊഴിൽനികുതി ഒടുക്കുന്നെന്ന് ഉറപ്പുവരുത്തുന്നില്ല | 1-16 |
| 17 | റേഷൻകടകൾ FTEAOS ലൈസൻസെടുക്കുന്നില്ല | 1-17 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് രജിസ്ട്രേഷനില്ലാതെ | 1-18 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കലക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 1-19 |
| 20 | ശമ്പള പരിഷ്കരണ കുടിശിക വിതരണത്തിലെ അപാകങ്ങൾ - | 1-20 |
| 21 | തെരുവ് നായ ആക്രമണം നഷ്ടപരിഹാരം നൽകാൻ കാലതാമസം -പലിശനൽകിയ വകയിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-21 |
| 22 | തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിക്കുന്നില്ല (കൺസ്യൂമർ നം. 13384, 4999)- | 1-22 |
| 23 | തെരുവുവിളക്ക് വാർഷിക അറ്റകുററപണി- അപാകങ്ങൾ | 1-23 |
| 24 | പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 25 | പച്ചക്കറി കൃഷിക്ക് മൺചട്ടി ജൈവവളം തൈവിതരണം – അപാകങ്ങൾ - ചെലവ് തുക 339500/- തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | ഓണത്തിന് ഒരു കുടപൂവ് പദ്ധതി- അപാകങ്ങൾ - ചെലവ് തുക 43500തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | റോഡ് ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ | 1-27 |

| | | |
|---|---|---|
| | ബാരലിന്റെ വില ജി.എസ്.ടി എന്നിവ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുന്നില്ല. | |
| 28 | പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃതം പിഴ ഈടാക്കിയില്ല | 1-28 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 1-29 |
| 30 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ-സുതാര്യത ഉറപ്പുവരുത്തുന്നില്ല | 1-30 |
| 31 | ഗെയിംസ് ഫെസ്റ്റിവൽ നടത്തിപ്പ് -അപാകങ്ങൾ | 1-31 |
| 32 | തുല്യതാപഠനം - അപാകങ്ങൾ | 1-32 |
| 33 | മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല – തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-33 |
| 34 | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് പി വി സി ടാങ്ക് നൽകൽ - സബ്സിഡി തുകയിൽ അധികരിച്ച് നൽകിയത് ₹ 5,576 നിരാകരിക്കുന്നു | 1-34 |
| 35 | പട്ടികവർഗ്ഗകോളനിയ്ക്ക് സോളാർ ലൈറ്റ്- ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്,സോഷ്യൽ മാപ്പ് ഹാജരാക്കാത്തത് | 1-35 |
| 36 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-36 |
| 37 | നിർവഹണ ഉദ്യോഗസ്ഥൻ രണ്ട് ക്യാഷ്ബുക്ക് സൂക്ഷിക്കുന്നു | 1-37 |
| | ഭാഗം-2 – ഇല്ല | |
| | ഭാഗം-3 – ഇല്ല | |
| | ഭാഗം – IV | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | | |

| | | |
|---|---|---|
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 49 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 50 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 51 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 52 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.3.2018 തീയതിയിലെ 60/18 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 16.2.2019 തീയതിയിലെ 1/2019 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 4,84,17,578 | 4,76,52,934 |
| വരവ് | 14,72,16,869 | 13,02,28,458 |
| ആകെ | 19,56,34,447 | 17,78,81,392 |
| ചെലവ് | 15,22,11,160 | 13,66,04,449 |
| നീക്കിയിരിപ്പ് | 4,34,23,287 | 4,12,76,943 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.7.2019 | 8.5.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,41,42,958 |
| വരവ് | 7,87,95,071 |
| ആകെ | 13,29,38,029 |
| ചെലവ് | 8,46,96,803 |
| നീക്കിയിരിപ്പ് | 4,82,41,226 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19898000 | 19898000 | 18407369 | 1490631 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1026000 | 1026000 | 426143 | 599857 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 255000 | 255000 | 38860 | 216140 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11473000 | 11473000 | 9216409 | 2256591 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4661000 | 4661000 | 2152107 | 2508893 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9235000 | 9235000 | 7791793 | 1443207 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 7471 | 265 | 7736 | 0 | 7736 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 20671763 | 20671763 | 20671763 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 3433 | 353504 | 356937 | 353495 | 3442 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 1156721 | 1030525 | 2187246 | 1284677 | 902569 |
| ടി.എസ്.സി | | 26313 | 790000 | 816313 | 231921 | 584392 |
| എസ്.എസ്.എ | | 9574 | 254 | 9828 | 9828 | 0 |
| ജലനിധി | | 3410231 | 3709502 | 7119733 | 3812344 | 3307389 |
| എം പി ഫണ്ട് | | 47621 | 1227228 | 1274849 | 1216493 | 58356 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | | 20155 | 25000 | 45155 | 25100 | 20055 |
| ആശ്രയ | | 0 | 5,77,908 | 5,77,908 | 5,77,908 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 409622 | 1942598 | 2352220 | 2349435 | 2785 |
| | ജില്ലാ പഞ്ചായത്ത് | 350000 | 1302610 | 1652610 | 1586277 | 66333 |
| ബി ഫണ്ട് | | | 240200 | 240200 | 240200 | |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 49542776 | 23429697 | 72972473 | 28512044 | 44460429 |

ജനറൽ പർപ്പസ് ഫണ്ട് 1,57,22,120/- രൂപ ലഭിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ടിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ, ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല. എസ് സി പി, ടി എസ് പി ഫണ്ട്, മെയിന്റൻസ് ഗ്രാന്റ് (റോഡിതര ഫണ്ട്) എന്നിവ യഥാക്രമം 41%, 15%, 46% എന്നിങ്ങനെ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വികസന ഫണ്ടിൽ കുറേ അധികം ബില്ലുകൾ ക്യൂ ബില്ലായിട്ടുണ്ട് .

*തനത് ഫണ്ട് – സ്ഥാപനം ഹാജരാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് .

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 8,02,44,092 | 151 | 5,29,88,410 | 8 | 46 | 73% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 41,58,055 | 12 | 41,58,055 | 12 | 100 |
| വെറ്ററിനറി സർജൻ | 45,04,592 | 7 | 31,02,048 | 6 | 85.71 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 12,34,046 | 7 | 8,50,384 | 6 | 85.71 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1,40,000 | 3 | 1,39,455 | 3 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4,80,000 | 2 | 4,60,000 | 2 | 100 |
| വി.ഇ.ഒ (പുത്തൂർ) | 1,48,88,000 | 9 | 1,04,17,940 | 8 | 88.88 |
| വി.ഇ.ഒ (ഒളവിലം ) | 18,79,133 | 9 | 8,64,908 | 7 | 77.77 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 60,64,243 | 8 | 56,54,020 | 7 | 87.50 |
| സെക്രട്ടറി | 36,21,355 | 19 | 18,43,256 | 16 | 84.21 |
| ഹെഡ്മാസ്റ്റർ | 31,06,685 | 11 | 26,50,027 | 11 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 3,98,16,223 | 104 | 2,27,14,547 | 68 | 64.70 |
| അസിസ്റ്റന്റ് സെക്രട്ടറി | 3,51,760 | 6 | 1,33,770 | 5 | 83.33 |
| ആകെ | 80244092 | 197 | 52988410 | 151 | 77 |

പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ

ആസൂത്രണസമിതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവർഷങ്ങളിൽ രൂപീകരിച്ച ആസൂത്രണസമിതി, വരുന്ന വർഷങ്ങളിൽ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും ഡിസംബർ 1-ന് മുൻപ് ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് ജി.ഒ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018)യിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആദ്യവർഷം രൂപീകരിച്ച സമിതി തന്നെ തുടരുവാനാണ് ഭരണസമിതിയുടെ 20.1.2017ലെ 119/17നമ്പർ തീരുമാനമെടുത്തിട്ടുള്ളത്. 12 അംഗങ്ങൾ ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. ആസൂത്രണ സമിതി മിനുട്ട്സ് ഹാജരാക്കിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ്

2018-19 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകൾ 14.12.2017 തീയതിയിൽ ഭരണസമിതിയുടെ 8/263/17തീരുമാന പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12.1.2018 ,12.6.2018 എന്നീ തീയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ചർച്ച ചെയ്ത വിഷയങ്ങളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

ഗ്രാമസഭ

തൻ വർഷം 4 ഗ്രാമ സഭകൾ കൂടിയിട്ടുണ്ട്. ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനുള്ള ജന പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. ദേശീയ പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി പ്രത്യേക ഗ്രാമ സഭ 24.4.2018-ന് ചേർന്നിട്ടുണ്ട്.

വികസന സെമിനാർ:

9.3.2018ന് വികസന സെമിനാർ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 122പേർ പങ്കെടുത്തിട്ടുണ്ട്. തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റി

2018-19 ലെ ബജറ്റ് അംഗീകരിക്കൽ, വിവിധ വരവ്-ചെലവുകൾ അംഗീകരിക്കൽ പോലുള്ള പൊതുവായ നടപടികൾ, നികുതി, നികുതിയേതര വരവുകളുടെ അവലോകനം എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ പരിമിതമായതിനാൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനായി ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം -

ജില്ലാ ആസൂത്രണ സമിതിയുടെ 360/18/DPC/PO/KNR തീയതി 23.3.2018 പ്രകാരം വാർഷിക പദ്ധതിയ്ക്ക്അംഗീകാരം ലഭിച്ചിട്ടുണ്ട് .

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3433 | 353504 | 356937 | 353495 | 3442 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 20671763 | 20671763 | 20671763 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37,200 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 64,86,800 | 565 |
| വിധവാപെൻഷൻ | 2,01,92,700 | 1802 |
| വാർദ്ധക്യകാല പെൻഷൻ | 2,35,27,700 | 2458 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 54,51,500 | 471 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 27,48,000 | 235 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.8.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 24,678രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി സമഗ്രമായ ചുമതലാവിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻപതിവേട്, റണ്ണിംഗ് നോട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. സൂചിക സോഫ്റ്റ് വെയറിൽ ഇവ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് . 2018-19 - ൽ ഓഫീസ് മീറ്റിംഗ് കാര്യക്ഷമമായി ചേർന്നിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.5.2019 | 1.4.2019 മുതൽ 30.4.2019 വരെ | 27.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.8.2014 | 2009-10 മുതൽ 2013-14വരെ | 28.8.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വസ്തുനികുതി ഇനത്തിലെ ബി15 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് തുക സഞ്ചയയിലെ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബി15 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് തുക-55909

സഞ്ചയയിലെ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക-29202

2.വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലൈബ്രറി സെസ്സ് കളക്ഷൻ തുക(199114) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കളക്ഷൻ തുകയുമായി (196873) പൊരുത്തപ്പെടുന്നില്ല.

3.മൂന്ന് മാസത്തിലധികമായി പണമാകാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4.I-18ഷെഡ്യൂൾ പ്രകാരം 'പ്രയർ പിരീഡ്' ഇനമായി വസ്തുനികുതി ഡിമാന്റിൽ 559511 രൂപ കുറവ് വരുത്തിയിട്ടുണ്ടെങ്കിലും ഇതിന് ആധാരമായ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-12 ക്രമവത്കരണരജിസ്റ്റർ സൂക്ഷിക്കുന്നില്ല

കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹136,791 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-13 വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ FTEAOS ലൈസൻസ് എടുത്ത താഴെപറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ കാണാത്തതിനെത്തുടർന്ന് റിട്ടേൺ സമർപ്പിക്കുന്നതിന് തൊഴിലുടമക്ക് നോട്ടീസ് നൽകിയതിന്റെയും തൊഴിൽനികുതി ഈടാക്കിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ. 21തീയ്യതി : 30-08-2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വ്യാപാരിയുടെ പേര് | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കെ.പി.പ്രകാശൻ<br>കണ്ടോത്ത് ഹൗസ്<br>വള്ള്യായി | കെ.പി സിമന്റ് പ്രോഡക്ട്സ്,<br>ചെണ്ടയാട് | 6 |
| 2 | രാജീവൻ കെ പി<br>കുഞ്ഞിപ്പറമ്പത്ത് വീട്<br>പുത്തൂർ | സിമന്റ് ഇന്റർലോക്ക് നിർമ്മാണം<br>നിർമൽ ടൈൽ പ്രോഡക്ട്സ് | 4 |
| 3 | നിഷ കെ.പി | സിമന്റ് ഇന്റർലോക്ക് നിർമ്മാണം | 3 |

| | | | |
|---|---|---|---|
| | | താജ് ഇന്റർലോക്സ് | |
| 4 | സുകുമാരൻ സി.പി<br>അഖിൽ നിവാസ്<br>ചെറുപ്പറമ്പ് | ഫ്രണ്ട്സ് ഹോളോ ബ്രിക്സ് | 4 |
| 5 | കൃഷ്ണദാസ് ടി<br>ടി.സി നിവാസ്<br>ചെറുപ്പറമ്പ് | ടി.സി ഇൻഡസ്ട്രീസ്,മെറ്റൽ വര്ക്സ് | 5 |
| 6 | ജിതേന്ദ്രൻ പി<br>കിഴക്കയിൽ ഹൗസ്<br>ചെണ്ടയാട് | പി.എൻ കമ്പനി ഇന്റർലോക്ക് | 6 |
| 7 | പവിത്രൻ<br>താനിയുള്ള പറമ്പത്ത് ഹൗസ്<br>ചെറുപ്പറമ്പ് | ശക്തി ഇന്റർലോക്ക് | 4 |
| 8 | പ്രദീപൻ സി<br>കുണ്ടുപറമ്പത്ത്<br>എടച്ചോളി | നന്മ ഇന്റർലോക്ക് | 5 |

മേൽ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

# 1-14 വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ - ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ സ.ഉ.(പി.) നം. 80/17/ത.സ്വ.ഭ.വ. എസ്.ആർ. ഒ. നം.647/17, പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232,233, 234 വകുപ്പുകളും 254 കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ&ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരഭപ്രവർത്തനങ്ങളേയും

സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരംതിരിച്ച് ലൈസൻസ് ഫീ ഏർപ്പെടുത്തിയതായി ഭരണസമിതി തീരുമാനം (7/215/18/28-12-2018)എടുത്തെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ 01-04-2018 മുതൽ ഏത് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. 2018-19 വർഷം ലൈസൻസിനായി ലഭിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കിയതും സെക്രട്ടറി അംഗീകരിച്ചതും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല. മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.13/27-08-19) മേൽ വിജ്ഞാപനപ്രകാരം തന്നെയാണ് ഫീ ഈടാക്കിയതെന്നും അപേക്ഷാഫോറത്തിന്റെ ലഭ്യതക്കുറവ് മൂലമാണ് പഴയ ഫോറം ഉപയോഗിച്ചതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ഓഡിറ്റിന് ലഭിച്ച രേഖകൾ പ്രകാരം ഇത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ സ.ഉ.(പി.) നം. 80/17/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തന്നെയാണ് ലൈസൻസ് നൽകുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

(ബി.)പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് ആവശ്യമായ അനുമതിപത്രങ്ങളില്ലാതെ പ്രവർത്തിക്കുന്നത്.

2018-19 വർഷത്തെ എഫ്.ടി.ഇ.എ.ഒ.എസ്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ അവയോടൊപ്പം ആവശ്യമായ അനുമതിപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | സ്ഥാപനഉടമയുടെ പേര് | വാർഡ്/ കെട്ടിടനമ്പർ,സ്ഥാപനത്ത്ിന്റെ തരം | പരാമർശം |
|---|---|---|---|
| 1 | ആന്റണി സെബാസ്റ്റ്യൻ പന്തക്കൽ | VII 82 C, D<br>മെഡിക്കൽ ലാബ് | പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതിയില്ല |
| 2 | നിഷ സി.പി കടവത്തൂർ | XI 9B<br>മെഡിക്കൽ ലാബ് | പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതിയില്ല |

ലൈസൻസിനായി സ്ഥാപനങ്ങൾ അപേക്ഷ നൽകുമ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട എല്ലാ അനുമതിപത്രങ്ങളും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ -ഫീയിനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 13പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേനയുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ ₹ 42980 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല-മുഴുവൻവ്യാപാരികളും തൊഴിൽനികുതി ഒടുക്കുന്നെന്ന് ഉറപ്പുവരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ വ്യാപാരികളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ നികുതി ഈടാക്കിയ വ്യാപാരികളുടെ പേര് മാത്രമാണ് കൊടുത്തിട്ടുള്ളത്. വാർഡ് നമ്പർ,കെട്ടിട നമ്പർ ,എന്ത് വ്യാപാരം എന്നതൊന്നും രേഖപ്പെടുത്തിയിട്ടില്ല. വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. എല്ലാ വാർഡുകളിലെയും മുഴുവൻ വ്യാപാരികളും തൊഴിൽനികുതി ഒടുക്കിയെന്നും എഫ്.ടി.ഇ.എ.ഒ.എസ്. ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തിയത് എങ്ങനെയെന്ന് വ്യക്തമാക്കാനും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരികൾക്കും ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 20 തീയ്യതി : 30-08-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷത്തെ FTEAOS ലൈസൻസിനുള്ള അപേക്ഷാപരിശോധനയിൽ താഴെ പറയുന്ന വ്യാപാരികൾ 2017-18 വർഷം ലൈസൻസെടുത്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടതായി ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാരികളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

| പേര് | വ്യാപാരം | വാർഡ്,കെട്ടിട നമ്പർ |
|---|---|---|
| നാണു.കെ മാണിക്കോത്ത് ളുവ്വക്കുന്ന് | അനാദിക്കട | IX 339A |
| കെ.കെ കണ്ണൻ | അനാദിക്കട | IX 521 |

| | | |
|---|---|---|
| രാധാ നിവാസ് തുവ്വക്കുന്ന് | | |

മുകളിൽ കൊടുത്ത വ്യാപാരികളിൽ നിന്നും 2017-18 വർഷത്തെ ലൈസൻസ് ഫീ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.ലൈസൻസില്ലാതെ പ്രവർത്തിച്ചതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 റേഷൻകടകൾ പ്രവർത്തിച്ച് വരുന്നുണ്ടെങ്കിലും അവയുടെ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും 2018-19 വർഷത്തിലും അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-17 റേഷൻകടകൾ എഫ്.ടി.ഇ.എ.ഒ.എസ്. ലൈസൻസെടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 14 റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസോട് കൂടി മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തണമെന്നും 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തന്നെ പരാമർശിച്ചിരുന്നതാണ്. എന്നാൽ 2018-19 വർഷത്തെ എഫ്.ടി.ഇ.എ.ഒ.എസ്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല എന്ന് കണ്ടു. റേഷൻകടകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ. 23 തീയ്യതി : 30-08-2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് രജിസ്ട്രേഷനില്ലാതെ

1997 ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ )ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 4(1), (2) എന്നിവ പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ ,ഉടമസ്ഥൻ ഫോറം 4 ൽ ₹200 രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതാണ്. 2018-19 വർഷത്തെ എഫ്.ടി.ഇ.എ.ഒ.എസ്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 6 പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | സ്ഥാപനഉടമയുടെ പേര് | വാർഡ്/കെട്ടിടനമ്പർ | സ്ഥാപനത്തിന്റെ തരം |
|---|---|---|---|
| 1 | ഡോ.കെ.കെ മൂർഷിദ<br>തുവ്വക്കുന്ന് | XIII/303A | ദന്തൽ ക്ലിനിക് |
| 2 | ഷംസീദ്ദീൻ കെ.കെ<br>പെരുവള്ളൂർ | IX 117B | ദന്തൽ ക്ലിനിക് |
| 3 | ആന്റണി സെബാസ്റ്റ്യൻ<br>പന്തക്കൽ | VII 82 C, D | മെഡിക്കൽ ലാബ് |
| 4 | നിഷ സി.പി<br>കടവത്തൂർ | XI 9B | മെഡിക്കൽ ലാബ് |
| 5 | മുഹമ്മദ് അഷ്റഫ് കെ.കെ<br>കല്ലിക്കണ്ടി | VIII 418 | മെഡിക്കൽ ലാബ് |
| 6 | ഡോ.പ്രജിത്ത് വി.വി<br>പൊയിലൂർ | XI 147J | ദന്തൽ ക്ലിനിക് |

മേൽ സ്ഥാപനങ്ങളൊന്നും തന്നെ 1997 ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഇവ ചട്ടപ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2018-19 വർഷത്തിലെ രജിസ്ട്രേഷൻ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന ₹1200 (200x6)മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 22 തീയ്യതി : 30-08-2019-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കലക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് 3-1 സെക്ഷൻ പ്രകാരം ഈടാക്കുന്ന നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ 1% തുക സെക്ഷൻ 3-3 പ്രകാരം തുക പിരിച്ച് ഒടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ ക്ഷേമനിധി

വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് അർഹമായ തുക കുറവ് വരുത്താതെ മുഴുവൻ തുകയും വെൽഫെയർ ബോർഡിലേക്ക് ഒടുക്കുകയാണ് ചെയ്തു വരുന്നത്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-20 ശമ്പള പരിഷ്കരണ കുടിശിക വിതരണത്തിലെ അപാകങ്ങൾ -

പഞ്ചായത്ത് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുള്ള 22-03-2017 ലെ 16/2017/ധന നമ്പർ സർക്കുലറിലെ കേസ് III പ്രകാരം , 01-02-2016 ന് തൊട്ടു മുമ്പ് ജോലി ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് ശമ്പള കുടിശ്ശികയുടെ നാലു ഗഡുവും വിതരണം ചെയ്യേണ്ടത്. എന്നാൽ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ 29-06-2016 ൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീമതി.ടി.കെ. ലൈജുവിന് ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നാണ് അനുവദിച്ചിരിക്കുന്നത്. വിശദവിവരം ചുവടെ :-

1. വൗച്ചർനം. 21800286 തീയതി 11-07-2018 = ₹1421

2. വൗച്ചർനം. 21800937 തീയതി 29-01-2019 = ₹1371

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-21 തെരുവ് നായ ആക്രമണം നഷ്ടപരിഹാരം നൽകാൻ കാലതാമസം -പലിശനൽകിയ വകയിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 10-07-2017 ലെ വിധിയുടെ അടിസ്ഥാനത്തിൽ (SLP-691/2009) ജി.ഒ. (ആർ.ടി) നം 3551/2017/LSGD തീയതി 03-11-2017 പ്രകാരം കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ ശ്രീ. രാമചന്ദ്രൻ .കെ.പി എന്നവർക്ക് തെരുവ് നായ ആക്രമണ നഷ്ടപരിഹാര തുക ഇനത്തിൽ ₹2,60,000 (വൗച്ചർ നം 21800213 തീയതി 13-06-2018) നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-03-2017 ലെ വിധിപ്രകാരം (SLP-691/2009) തെരുവ് നായ ആക്രമണം നഷ്ടപരിഹാരം നാലാഴ്ചക്കകം നൽകേണ്ടതാണ്. എന്നാൽ നഷ്ടപരിഹാര തുക കൃത്യസമയത്ത് നൽകിയില്ല. ആയതിനാൽ സ.ഉ (ആർ.ടി) 2093/2018/LSGD തീയതി 28-07-2018 പ്രകാരം 13-09-2016 മുതൽ നഷ്ടപരിഹാര തുക കൈമാറിയ തീയതി വരെയുള്ള കാലയളവിലെ പലിശ കൂടി നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 13-09-2016 മുതൽ നഷ്ടപരിഹാര തുക കൈമാറിയ തീയതിയായ 13-06-2018 വരെയുള്ള കാലയളവിലെ പലിശയിനത്തിൽ വൗച്ചർ നം. 21800385 തീയതി 01-08-2018 പ്രകാരം ₹40,950 കൂടി ശ്രീ. രാമചന്ദ്രൻ .കെ.പി എന്നവർക്ക് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-11-2017 ലെ ഉത്തരവ് പ്രകാരം 30-11-2017 നകം നൽകേണ്ട നഷ്ട പരിഹാരം നൽകേണ്ടതായിരുന്നു. നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീ,രാമചന്ദ്രൻ. കെ.പി. 21-12-2017 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ

നൽകിയിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ ആവശ്യത്തിനുള്ള തുക ഉണ്ടായിരുന്നിട്ടും തുക നൽകുന്നതിന് 13-06-2018 വരെ കാലതാമസം ഉണ്ടായതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം ₹11091 അധിക ബാധ്യത ഉണ്ടായിട്ടുണ്ട്.

കാലതാമസം ഉണ്ടായ കാലയളവ് :21-12-2017 മുതൽ 13-06-2018 വരെ 173 ദിവസം

173 ദിവസത്തെ പലിശ : (260000 x 9 x 173) / (365 x 100) = 11091

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിലുണ്ടായ കാലതാമസം കാരണം പഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ബാധ്യതയ്ക്ക് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

# 1-22 തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിക്കുന്നില്ല (കൺസ്യൂമർ നം. 13384, 4999

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് പാറാട് ,പാട്യം എന്നീ സെക്ഷനുകളിലാണ് ഒടുക്കി വരുന്നത്. പാറാട് സെക്ഷനിൽ ₹74595 നിരക്കിലും പാട്യം സെക്ഷനിൽ ₹924 നിരക്കിലുമാണ് വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ എണ്ണത്തിനനുസരിച്ചാണ് ചാർജ് ഒടുക്കിവരുന്നത്. എന്നാൽ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം സംയുക്ത പരിശോധന നടത്തി കണ്ടെത്തേണ്ടതും ഉപയോഗിക്കുന്നവയ്ക്ക് മാത്രമേ വൈദ്യുതി ചാർജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-23 തെരുവുവിളക്ക് വാർഷിക അറ്റകുററപണി-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രോജക്റ്റ് | തെരുവുവിളക്ക് വാർഷിക അറ്റകുററപണി |
| പ്രോജക്റ്റ നം | 141/19 |
| അടങ്കൽ | 4,80,000( തനത് ഫണ്ട്) |
| ചെലവ് | 1,44,650(ചെക്ക് നം 21801002 /16-2-2019) |
| | 66,000(ചെക്ക് നം 21801253 /27-3-2019) |
| കരാർ തീയതി | 31.10.2018 |

21 വാർഡുകളിലെ 1270 തെരുവ് വിളക്ക് വാർഷിക അറ്റകുററപണി പദ്ധതിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതു പ്രകാരം 2 ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്.

1-ശ്രീ-ശ്രീലേഷ് , എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കൽ

(1 no- @ 275 )

2-ഡെക്കാൻ അസോസിയേറ്റ്സ് ,മയ്യിൽ

(ട്യൂബ് ലൈറ്റ് - 40w-1170എണ്ണം --@355

സോഡിയം വേപ്പർ ലാമ്പ് - 50എണ്ണം -@ 500 )

ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ശ്രീലേഷ്, ചക്കരക്കൽ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ആകെ 766 വിളക്കുകൾ റിപ്പയർ ചെയ്തതിന് മേൽ തുക നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കുറഞ്ഞ നിരക്ക് നൽകിയ കരാറുകാരൻ, വിവിധ വിളക്കുകളുടെ നിരക്ക് ഇനം തിരിച്ച് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല . എന്നാൽ ക്രമ നം 2 കരാറുകാരൻ കൃത്യമായി എണ്ണം നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്

2.കരാറിൽ റിപ്പയർ ചെയ്യേണ്ട കാലാവധി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡെപ്പോസിറ്റ് രശീതിയിൽ കാലാവധി കാണിച്ചിരിക്കുന്നത് പ്രകാരം 30.10.2018 മുതൽ 29.10.2019 വരെ ഒരു വർഷത്തേക്കാണ്. കരാർ പ്രകാരം വാർഷിക അറ്റകുറ്റ പണി നടത്താൻ തീരുമാനിച്ച തെരുവുവിളക്കുകളുടെ എണ്ണം കരാറിൽ രേഖപ്പെടുത്തിയിട്ടില്ല

3. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗരേഖ -2011 (സർക്കുലർ നമ്പർ 3055/ഡി.എ.3/2011 ത.സ്വ.ഭ.വ. 15-09-2011 2-**ഇ പ്രകാരം കരാർ ലഭിക്കുന്നയാൾ കരാർ തുകയുടെ** 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ₹ 12500 മാത്രമാണ് ഒടുക്കിയിട്ടുള്ളത് .1270 തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് @ 275 നിരക്കിൽ 3,49,250യ്ക്ക് 10% നിരക്കിൽ ₹ 34,925 ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ് .

4) മേൽ ഉത്തരവ് ഖണ്ഡിക 2.എഫ് പ്രകാരം ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്നുമാസം കൂടുമ്പോൾ അടക്കേണ്ടതാണ് .എന്നാൽ 30.10 .2018 മുതൽ 29.10 2019 വരെ കാലാവധിയുള്ള കരാർ പ്രവൃത്തിയുടെ 43% തുകയും 2018-2019ൽ തന്നെ നൽകിയതായി കാണുന്നു.(11.1.2019 ന് 526 വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ തുകയും 21.3.2019 ന് 240വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ തുകയും വാങ്ങിച്ചിട്ടുണ്ട്.)

5- വിളക്കുകൾ റിപ്പയർ ചെയ്തതായി കെ എസ് ഇ ബി സാക്ഷ്യപത്രം (ഇവ ഏതൊക്കെ പോസ്റ്റുകളിലാണ്. വിളക്കിന്റെ തരം) ഹാജരാക്കിയിട്ടില്ല.

6- സ്പെയർ പാർട്ട് എത്ര എണ്ണം മാറ്റി, പുതിയത് എത്ര വച്ചു ,ഗുണനിലവാരം ഉള്ളതാണോ, അഴിച്ചുമാറ്റിയസ്പെയർ പാർട്ട് തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചത് എന്നിവയുടെ കണക്ക്

നൽകിയിട്ടില്ല.

7.കരാറുകാരൻ 1 ശതമാനം നിരക്കിൽ 2106 രൂപ ആദായനികുതി ഒടുക്കിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, എണ്ണം രേഖപ്പെടുത്തിയത് കൃത്യമല്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2.തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പടുത്തുന്ന രജിസ്റ്റർ കൃത്യമല്ല . വാട്ടർചാർജ്ജ് കളക്ഷൻ രജിസ്റ്ററിലാണ് എഴുതുന്നത് . ഇതിലും സമയം, തീയതി ,പരാതിക്കാരന്റെ പേര് , എന്നിവ രേഖപ്പെടുത്തുന്നില്ല

3 . കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4-സ്ഥാപിക്കപ്പെട്ട എല്ലാ ഉപകരണങ്ങളും പ്രവർത്തനനിരതമാണോ എന്ന് ഗ്രാമ പഞ്ചായത്തും കരാറുകാരനും ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കെ.എസ് .ഇ.ബിയുടെ ബന്ധപ്പെട്ട അധികാരികളും സംയുക്ത പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

6. 2019-20 ൽ തെരുവ് വിളക്ക് നാളിതുവരെ അറ്റകുറ്റ പണിനടത്തിയിട്ടില്ല എന്നാണ് മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4 /2018-19തീയതി 27.8.2019 ) മറുപടി നൽകിയത്. അതിനാൽ ഈ പദ്ധതിയിൽ നിർദ്ദേശിച്ച 1270 വിളക്കും റിപ്പയർ ചെയ്തിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. തെരുവ് വിളക്ക് വാർഷിക പരിപാലന പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി വിലയിരുത്തുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-24 പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് നമ്പർ | 52/2019 |
| പ്രൊജക്ടിന്റെ പേര് | പ്രത്യേകകന്നുകുട്ടിപരിപാലന പദ്ധതി |
| അടങ്കൽ | |
| വികസനഫണ്ട് | 1000000 |

| | |
|---|---|
| സംസ്ഥാനാവിഷ്കൃതം | 250000 |
| ഗുണഭോക്തൃവിഹതം | 1250000 |
| ആകെ | 2500000 |
| വികസനഫണ്ട് ചെലവ് | 1000000 |
| ബിൽ നമ്പർ&തീയ്യതി : | 1/18-19/28-11-18 – 250000<br><br>3/18-19/11-12-18 - 750000 |

മേല്പറഞ്ഞ ബിൽ നമ്പർ&തീയ്യതി പ്രകാരം പ്രത്യേകകന്നുകുട്ടിപരിപാലന പദ്ധതിയുടെ ഭാഗമായി കന്നുകുട്ടികൾക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ 10,00,000/- രൂപ പിൻവലിച്ച് എസ്.എൽ.ബി.പി, കണ്ണൂർ, ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെയും കാലിത്തീറ്റ വിതരണം ചെയ്യുന്നതിന്റെയും രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും വിശദമായ മോണിറ്ററിംഗ് നടത്തേണ്ടതും പദ്ധതി പൂർത്തിയാകുന്ന മുറക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-25 പച്ചക്കറി കൃഷിക്ക് മൺചട്ടി, ജൈവവളം, തൈവിതരണം - അപാകങ്ങൾ - ചെലവ് തുക ₹ 339500 തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിൽ പച്ചക്കറി കൃഷി പരിപോഷിപ്പിക്കുന്നതിനും, സമൂഹത്തിൽ ജൈവ പച്ചക്കറി കൃഷിയുടെ അവബോധം വളർത്തുന്നതിനും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പച്ചക്കറി കൃഷിക്ക് മൺചട്ടി, ജൈവവളം, തൈവിതരണം എന്ന പദ്ധതി. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പച്ചക്കറി കൃഷിക്ക് മൺചട്ടി ജൈവവളം തൈവിതരണം |
| പ്രോജക്ട് നം | 83/2019 |
| അടങ്കൽ | 256625/-വികസനഫണ്ട്<br><br>83875/-ഗുണഭോക്തൃ വിഹിതം<br>-------<br>340500 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| | |

| | |
|---|---|
| ചെലവ് | 256625/-വികസനഫണ്ട്<br><br>82875/-ഗുണഭോക്തൃ വിഹിതം<br>-------<br>339500 |
| | a)9/18-19./30.11.2018-71375/-(വികസനഫണ്ട്) |
| ബിൽനം | b)13/18-19/26.12.2018-185250/-(വികസനഫണ്ട്)<br><br>c)ചെക്ക്നംഎസ്.ബി./എക്സ്.വൈ 3054029/-23.02.2019 82875/-(ഗുണഭോക്തൃവിഹിതം) |

പഞ്ചായത്തിലെ ഗ്രാമ സഭ വഴി തെരഞ്ഞെടുക്കുന്ന 1750കർഷകർക്ക് ₹ 194 യൂണിറ്റ് എന്ന നിരക്കിൽ ജൈവവളം നിറച്ച പച്ചക്കറി തൈകളോടുകൂടിയ ചട്ടി വിതരണംചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചത്.

പദ്ധതി നിർവ്വഹണത്തിനായി ജൈവവളം നിറച്ച പച്ചക്കറി തൈകളടങ്ങിയ ചട്ടികൾ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുകയും ജൈവവളം നിറച്ച പച്ചക്കറി തൈകളോടുകൂടിയ ഒരുചട്ടിക്ക് 194/- രൂപ എന്നനിരക്കിൽ ടെണ്ടർ സമർപ്പിച്ച ജനത നഴ്സറി, പൊയിലൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് ജനത നഴ്സറി പൊയിലൂർ എന്ന സ്ഥാപനം ജൈവവളം നിറച്ച പച്ചക്കറി തൈകളടങ്ങിയ 1750 ചട്ടികൾ ലഭ്യമാക്കുകയും (ക്യാഷ് ബിൽ നമ്പർ 79,80/23.11.2018) ആയത് കർഷകർക്ക് നൽകുകയുമാണുണ്ടായത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) 22/2018/തസ്വഭവ തിയ്യതി 14.02.2018 പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യാൻ പാടുള്ളൂഎന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1) ജൈവവളം നിറച്ച പച്ചക്കറി ചട്ടികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ജില്ലാകൃഷി ഓഫീസർ നിശ്ചയിച്ചതായിരിക്കണം

2) ജൈവവളം നിറച്ച 10 ഇഞ്ച് വലിപ്പമുള്ള പച്ചക്കറി ചട്ടികൾ കുടുംബശ്രീ യൂണിറ്റുകളോ, കർഷകഗ്രൂപ്പുകളോ സ്വയം നിർമ്മിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം

3)സ്ഥല വിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 ചട്ടികൾ വരെ നൽകാം

എന്നാൽ മുകളിൽ കാണിച്ച ക്രമനം 1ലെ ജൈവവളം നിറച്ച പച്ചക്കറി ചട്ടികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ജില്ലാകൃഷി ഓഫീസർ നിശ്ചയിച്ച മാനദണ്ഡത്തിനനുസൃതമായല്ല ഗ്രാമ പഞ്ചായത്തിൽ ആനുകൂല്യം വിതരണം ചെയ്തത്. ജില്ലാതല വിദഗ്ദസമിതിയുടെ ജൈവവളം നിറച്ച

പച്ചക്കറി ചട്ടികളുടെ യൂണിറ്റ് കോസ്റ്റ് 160/-രൂപയാണ്. എന്നാൽ പച്ചക്കറി തൈകൾ കൂടി ഉൾപ്പെടുത്തി യൂണിറ്റിന് ₹ 194 എന്നനിരക്കിലാണ് തൈകൾ വാങ്ങിയത്.

4) ക്രമനം 2ലെ ജൈവവളം നിറച്ച 10 ഇഞ്ച് വലിപ്പമുള്ള പച്ചക്കറി ചട്ടികൾ കുടുംബശ്രീ യൂണിറ്റുകളോ, കർഷകഗ്രൂപ്പുകളോ സ്വയം നിർമ്മിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്ന മാനദണ്ഡത്തിനു വിപരീതമായി ടെണ്ടർ ക്ഷണിച്ച് സ്വകാര്യ സ്ഥാപനംവഴിയാണ് തൈകളോടുകൂടിയ ജൈവവളം നിറച്ച പച്ചക്കറി ചട്ടി വാങ്ങിയത്.

5) ക്രമനം 3-ലെ സ്ഥല വിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 ചട്ടികൾ വരെ നൽകാം എന്നതിനാധാരമായി ഗുണഭോക്താക്കൾ ഹാജരാക്കേണ്ട സ്ഥല വിസ്തൃതി സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കാതെയാണ് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയത്

6) ഏതൊക്കെ പച്ചക്കറി തൈകളാണ് ജൈവവളം നിറച്ച 10 ഇഞ്ച് വലിപ്പമുള്ള പച്ചക്കറി ചട്ടികളിൽ വിതരണം ചെയ്യുന്നതിന് വേണ്ടി വാങ്ങേണ്ടതെന്ന് പ്രോജക്ടിലോ, വിതരണരേഖകളിലോ രേഖപ്പെടുത്തിയിട്ടില്ല.

7) കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ പ്രകാരം മൺചട്ടി ലഭിച്ചവർക്ക് വീണ്ടും നല്കാൻ പാടില്ല. എന്നാൽ ഈ വ്യവസ്ഥ പാലിച്ചതായുള്ള രേഖകൾ ലഭ്യമല്ല

8) പദ്ധതിയുടെ ഫലപ്രാപ്തി യഥാവിധി വിലയിരുത്തേണ്ടിയിരുന്ന മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല .കൂടാതെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പദ്ധതി സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല

9)പദ്ധതി സംബന്ധിച്ച് സുലേഖ റിപ്പോർട്ടിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 838875രൂപയുടെ ചിലവ് കാണിച്ചിട്ടുണ്ട്.1000 രൂപയുടെ വ്യത്യാസം ഈ ഇനത്തിൽ ഉണ്ടായത് എങ്ങിനെയാണെന്ന് വിശദീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 27/2.09.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹ 339500 തടസ്സപ്പെടുത്തുന്നു.

## 1-26 'ഓണത്തിന് ഒരു കുടപൂവ്' പദ്ധതി- അപാകങ്ങൾ - ചെലവ് തുക ₹ 43500 തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിൽ 'ഓണത്തിന് ഒരു കുടപൂവ്' എന്ന പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഓണത്തിന് ഒരു കുടപൂവ് |
| പ്രോജക്ട് നം | 127/2019 |
| അടങ്കൽ | 43500/-വികസനഫണ്ട് |

| | |
|---|---|
| | 19500/-ഗുണഭോക്തൃ വിഹിതം<br>---------<br>63000 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 43500/-വികസനഫണ്ട്<br>19500/-ഗുണഭോക്തൃ വിഹിതം<br>-------<br>63000 |
| ബിൽനം | a)3/18-19.തീയ്യതി.29.09.2018-30000/- വികസനഫണ്ട്<br>b)4/18-19.തീയ്യതി.29.09.2018-13500/- വികസനഫണ്ട് |
| ക്യാഷ് ബിൽ | Inv.നമ്പർ. 80/21-06-2018 – 30000 കൂത്തുപറമ്പ് ബ്ളോക്ക് തല ഹൈ ടെക്ക് നഴ്സറി മാങ്ങാട്ടിടം.<br>Inv.നമ്പർ. 1318/29-06-2018 – 13500 – VFPCK സുൽത്താൻ ബത്തേരി |

പഞ്ചായത്തിലെ ഗ്രാമ സഭ വഴി തെരഞ്ഞെടുക്കുന്ന 300കർഷകർക്ക് പൂവ് കൃഷിക്ക് ആവശ്യമായ വിത്ത്, തൈകൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണംചെയ്യുന്നതിനാണ് പദ്ധതി.

പദ്ധതി നിർവ്വഹണത്തിനായി പൂവ് കൃഷിക്ക് ആവശ്യമായ വിത്ത്, തൈകൽ എന്നിവ കൂത്തുപറമ്പ് ബ്ലോക്ക് തല ഹൈ ടെക്ക് നഴ്സറി മാങ്ങാട്ടിടം., VFPCK സുൽത്താൻ ബത്തേരി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിച്ചിട്ടുണ്ട് (ക്യാഷ് ബിൽ നമ്പർ 801/13.08.18)

ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന്റെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)22/2018/ തസ്വഭവ തിയ്യതി 14.02.2018 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തത്.
പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) കുറഞ്ഞത് 10 സെന്ററിൽ കൃഷി ചെയ്യുന്നവരെ മാത്രമേ ആനുകൂല്യത്തിന് പരിഗണിക്കാൻ പാടുള്ളൂ. എന്നാൽ ഇവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) വിത്ത് , തൈകൾ എന്നിവക്ക് 75 ശതമാനം സബ്സിഡി നിരക്കേ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഇവിടെ ഇൻവോയ്സ് പ്രകാരം മുഴുവൻ തുകയും (100%) അനുവദിച്ചിട്ടുണ്ട്.

3) പൂവ് കൃഷിക്ക് ആവശ്യമായ വിത്ത്, തൈകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്ത രേഖകൾ ലഭ്യമല്ല .

4) പദ്ധതിയുടെ ഫലപ്രാപ്തി യഥാവിധി വിലയിരുത്തേണ്ടിയിരുന്ന മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പദ്ധതി സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 27/02.09.19 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹ 43500 തടസ്സപ്പെടുത്തുന്നു.

# 1-27 റോഡ് ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില, ജി.എസ്.ടി എന്നിവ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വിലയും ജി.എസ്.ടിയും സെക്രട്ടറിയുടെ പേരിലുള്ള 72207140000006 എന്ന ട്രഷറി അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-`10-2007 പ്രകാരം ടാർ വീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുന്നില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറിയുടെ പേരിലുള്ള 72207140000006 അക്കൗണ്ടിലേക്ക് മാറ്റിയ തുകയുടെ വിശദവിവരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ പ്രസ്തുത തുകകൾ ഒടുക്കിയ വിവരം സെക്രട്ടറി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒഴിഞ്ഞ ബാരലിന്റെ വില അതാത് ഫണ്ടിൽ ഒടുക്കിയതിന്റെയും ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-28 പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃതം പിഴ ഈടാക്കിയില്ല

സ.ഉ.(പി) നമ്പർ 13/2012 പി.ഡബ്ള്യൂ.ഡി. തീയതി 01-02-2012 ഉത്തരവിലെ വ്യവസ്ഥ 2112-1 പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവ് മൂലം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ ദീർഘിപ്പിക്കേണ്ടി വന്നാൽ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഉത്തരവിലെ ഖണ്ഡിക 2112 പ്രകാരം യഥാർത്ഥത്തിലുള്ള പണി പൂർത്തീകരണ സമയത്തിന്റെ 25% മാത്രമേ ഒരു പ്രാവശ്യം ദീർഘിപ്പിച്ചു നൽകാവൂ. ഇത്തരത്തിൽ പരമാവധി പൂർത്തീകരണ സമയത്തിന്റെ പകുതി വരെ സമയം

ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇതിന് പിഴയീടാക്കുമ്പോൾ ആദ്യത്തെ 25 ശതമാനത്തിന് 1%വും അടുത്ത 25 ശതമാനത്തിന് 2%-വും പിഴ ഈടാക്കേണ്ടതാണ്. ടെണ്ടറിൽ പൂർത്തീകരണ കാലാവധി ചേർത്തിട്ടുണ്ടെങ്കിലും കരാറിൽ പൂർത്തീകരണ തീയതി ചേർത്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ താഴെ കൊടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ കൃത്യ സമയത്ത് അപേക്ഷ നൽകുകയോ ആയത് ഭരണസമിതി അംഗീകരിക്കുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

എ) നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ.

| ക്രമ നമ്പർ | പ്രൊജക്ട് നം | ടെണ്ടർ നിരക്ക്(PAC)/ കരാറുകാരൻ | എഗ്രിമെൻറ്/ തിയതി , | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | എം ബുക്ക് നം/ പൂർത്തിയാക്കിയ തീയതി | പൂർത്തിയാക്കാനെടുത്ത കാല താമസം | ഈടാക്കേണ്ടിയിരുന്ന പിഴ, തുക നൽകിയ ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 180/19- ഇ.എം.എസ് സ്റ്റേഡിയം റോഡ് റീടാറിംഗ് | ₹426939<br>ശ്രീ.വി.കെ അഹമ്മദ് മാസ്റ്റർ | AE/LSGD/KNP/38/18-19 dtd 19-01-18 | 3 മാസം<br>18-03-18 18.04.18 | 44/17-18<br>28-04-18 | 10 ദിവസം | ₹4269 (1%)<br>11/18-19 dtd<br>30-07-18 ₹426936 |
| 2 | 82/19- കേളോത്ത് പള്ളി ജാതുക്കൂട്ടം റോഡ് റീടാറിംഗ് | ₹400000<br>ശ്രീ.പി.വി. കൃഷ്ണൻ | AE/LSGD/KNP/36/18-19 dtd 26-10-18 | 4 മാസം<br>25-02-19 | 36/18-19<br>06-03-19 | 9 ദിവസം | ₹4000 (1%)<br>55/18-19 dtd<br>26-03-19 |
| 3 | 99/19- പാടാന്റെ താഴെ വെള്ളയും പാറ റോഡ് റീടാറിംഗ് | ₹319995<br>ശ്രീ.ടി.കെ അരവിന്ദാക്ഷൻ. | AE/LSGD/KNP/27/18-19 dtd 26-10-18 | 3 മാസം<br>25-01-19 | 27/18-19<br>12-02-19 | 18 ദിവസം | ₹3200(1%)<br>48/18-19 dtd<br>18-03-19 |
| 4 | 170/19- | ₹629747 | AE/LSGD/KNP/42/18- | 3 മാസം | 42/17-18 | 37 | 6297 (1%) |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആറംവെള്ളി മുക്ക് -കക്കാട് റോഡ് റീടാറിംഗ് | ശ്രീ.പി.വി. കൃഷ്ണൻ | 19 dtd 20-01-18 | 19-04-18 | 26-05-18 | ദിവസം | 1).02/18-19 dtd. 18-05-18- ₹576193 2).14/18-19 dtd 30-07-18 ₹-49643 |
| 5 | 169/19- കൊളവെല്ലൂർ ഈസ്റ്റ് എൽ.പി സ്കൂൾ നടപ്പാത നിർമ്മാണം. | ₹447390 ശ്രീ.പി.വി. കൃഷ്ണൻ | AE/LSGD/KNP/22/18-19 dtd 08-01-18 | 4 മാസം 07-05-18 | 40/17-18 30-05-18 | 23 ദിവസം | ₹4474 1).01/18-19 dtd. 18-05-18- ₹198802 2).15/18-19 dtd 23-08-18 ₹245889 |
| 6 | 75/19- കാട്ടിന്റവിട മുക്ക് ആനപ്പാലം കൈവേലിക്കൽ റോഡ് ടാറിഗ് | ₹240971 ശ്രീ. രമേഷ്ബാബു. കെ.വി | AE/LSGD/KNP/11/18-19 dtd25-10-18 | 3 മാസം 24-01-19 | 11/18-19 27-03-19 | 62 ദിവസം | ₹2410 Ch.No. 1853 dtd 31-03-19- ₹484651 |

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക ഈടാക്കുന്നതിന് കരാറുകാർക്ക് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ കാണിച്ച പ്രകാരം പിഴ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>ബി. നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി</u>

നിശ്ചിത കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും.

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ ഈടാക്കിയിട്ടില്ല.

പുതുക്കിയ മരാമത്ത് മാന്വൽ ആനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ആകെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ച കാലയളവിന്റെ 25% സമയം പി.എ.സി. തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും, അടുത്ത 25% സമയം പി.എ.സി തുകയുടെ 2% പിഴചുമത്തിക്കൊണ്ടും നിർവ്വഹിക്കുവാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും പിഴ ഈടാക്കുന്നതിൽ പ്രസ്തുത വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 172/19 |
| പ്രോജക്ട് - | തുണ്ടിയിൽ മഠപ്പുര മഞ്ഞക്കാഞ്ഞിരം റോഡ് ടാറിംഗ് |
| അടങ്കൽ /ഫണ്ട് | 3,00,000(തനത് ഫണ്ട്) |
| പ്രോജക്ട് ചെലവ് | 2,97,833 |
| ചെക്ക് നം. | 21800564 തീയതി 19.9.2018 |
| പി.എ.സി. തുക | 2,99,673 |
| കരാറുകാരൻ | ശ്രീ.കെ.രമേഷ് ബാബു. |
| എം.ബുക്ക് | 55/17-18 |
| എഗ്രിമെന്റ് | AE/LSGD/KNP-8/17-18തീയതി 4.1.18 |
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | 4.1.2018 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 3.4.2018(3 മാസം ) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 9.5.2018 |
| പ്രവൃത്തി പൂർത്തീകരണ കാലതാമസം | 36 ദിവസം |
| ഈടാക്കേണ്ട പിഴ | 8990 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/29.8.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കാണിച്ച പ്രകാരം പിഴ ഈടാക്കി ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-29 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

താഴെ പറയുന്ന പ്രോജക്ടുകൾക്ക് വേണ്ടി തുക ചെലവഴിച്ചതിന്റെ ,വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| പ്രോജക്ട് | സാമൂഹ്യസുരക്ഷ മിഷൻ | തെരുവ് നായ നിയന്ത്രണം | അംഗൻവാടി വൈദ്യുതികരണം oyc ചാർജ്ജ് അടക്കൽ |
|---|---|---|---|
| പ്രോജക്ട് നം | 80 /19 | 126 /19 | 151/19 |
| അടങ്കൽ | 1,00,000 | 1,00,000 | 80,000 |
| ഫണ്ട് | പൊതു വിഭാഗം (സാധാരണ വിഹിതം ) | പൊതു വിഭാഗം (സാധാരണ വിഹിതം ) | റോഡിതരം |
| ചെലവ് | 1,00,000 | 1,00,000 | 32,426 |
| തുക നൽകിയ സ്ഥാപനം | സാമൂഹ്യ സുരക്ഷമിഷൻ ഡയറക്ടർ | ജില്ലാ പഞ്ചായത്ത് | കെ.എസ്.ഇ.ബി. പാനൂർ |
| ബിൽ/ ചെക്ക് നം &തീയതി | 6/30.7.2018 | 11/14.11.2018 | 17/4.12.2018 - 27,718<br>34/25.3.2019 - 4708 |

ഓഡിറ്റ് എൻക്വയറി യ്ക്ക് (നമ്പർ. -6 തീയതി 27.8.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ- സുതാര്യത ഉറപ്പുവരുത്തുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മിസ്ട്രസ്

1. പ്രോജക്ട് : 39/18 -- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ

അടങ്കൽ : ₹5500

ചെലവ് - വികസന ഫണ്ട് : ₹5500 -ബിൽ നം GP:12/17-18 dtd 31-01-19 :

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം വിതരണം ചെയ്ത ഉപകരണങ്ങൾ 4 വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ കൈപ്പറ്റിയതായി

കാണിച്ചുള്ള കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്നോ ഏത് സ്കൂളിൽ പഠിക്കുന്നെന്നോ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഉപകരണങ്ങൾ കൈപ്പറ്റിയവർ പട്ടികവർഗ്ഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകളും, വകുപ്പിൽനിന്ന് നേരത്തെ ഈ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന വകുപ്പധികൃതരുടെ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

40 നോട്ട്ബുക്കുകളും 4 ബാഗുകളും 4 കുടകളും 50 പേനകളുമാണ് പദ്ധതി പ്രകാരം അനു ഏജൻസീസ് (ബിൽ നമ്പർ 30/26-11-18) എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. എത്ര എണ്ണം വീതമാണ് ഓരോ വിദ്യാർത്ഥിക്കും വിതരണം ചെയ്തതെന്ന് കൈപ്പറ്റിൽ വ്യക്തമാക്കിയിട്ടില്ല. അതിനാൽതന്നെ വാങ്ങിയ ഉപകരണങ്ങൾ മുഴുവനും അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 9/27-08-2019-ന് മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. പരാമർശം ഒഴിവാക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-31 ഗെയിംസ് ഫെസ്റ്റിവൽ നടത്തിപ്പ് -അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മിസ്ട്രസ്

പ്രോജക്ട് : 72/19- ഗെയിംസ് ഫെസ്റ്റിവൽ

അടങ്കൽ : ₹1,00,000 വികസനഫണ്ട്

₹ 1,00,000 ജില്ലാ പഞ്ചായത്ത്

₹ 20,000 തനത് ഫണ്ട്

ചെലവ് : ₹ 75,000 ബിൽ നമ്പർ 21/18-19/15-03-19

:₹ 25,000 ബിൽ നമ്പർ 19/18-19/06-03-19

: ₹ 20,000 തനത് ഫണ്ട്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ യുവജനക്ലബുകളിൽ വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി ഇനങ്ങളിൽ മത്സരം നടത്തി പഞ്ചായത്ത് തല ടീമുകൾ രൂപീകരിക്കുന്നതിനു വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ടീമുകൾക്ക് 30 ദിവസത്തെ പരിശീലനം നൽകുകയും ചെയ്യുന്നു. പ്രോജക്ട് പ്രകാരം വിവിധ മത്സരങ്ങൾക്കായി പരിശീലനം നൽകിയതിനും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിനും വിവിധ മത്സരയിനങ്ങളുടെ സെലക്ഷൻ നടത്തിയതിനും ഭക്ഷണം വിതരണം ചെയ്തതിനുമായി മുകളിൽ കൊടുത്ത പ്രകാരം ₹1,20,000 ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1)വിവിധയിനം കളികൾക്ക് പരിശീലകരെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) പരിശീലകരുടെ നിശ്ചിത യോഗ്യത കാണിക്കുന്ന സാക്ഷ്യപത്രമില്ല.

3) കളിക്കാരെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

4)കളിക്കാർക്ക് പരിശീലനം നൽകിയതിന്റെ രേഖകളില്ല

5)വിവിധയിനം കായികമത്സരങ്ങളിൽ പരിശീലനം ലഭിച്ച കളിക്കാരുടെ വിവരങ്ങൾ ലഭ്യമല്ല

6)പദ്ധതി വിശദമായ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

അപാകങ്ങൾ ചൂണ്ടിക്കാണിച്ചും സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ (കൈ) നമ്പർ 22/2018/ ത.സ്വ.ഭ.വ / 14-02-2018) ഖണ്ഡിക 7.6.2(4) ൽ പറഞ്ഞ പ്രകാരം ഓരോയിനങ്ങൾക്കും സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെയും 7.6.2(11) ൽ പറഞ്ഞ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടത്തുന്ന കായിക പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി സ്പോർട്സ് കലണ്ടർ തയ്യാറാക്കിയതിന്റെയും രേഖകൾ ആവശ്യപ്പെട്ടും നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 11 തീയ്യതി : 27-08-2019) രേഖകൾ ഉടൻ ലഭ്യമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-32 തുല്യതാപഠനം - അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മിസ്ട്രസ്

പ്രോജക്ട് : 16/19- തുല്യതാപഠനം

അടങ്കൽ : ₹78,000 വികസനഫണ്ട്

₹ 58,000 തനത് ഫണ്ട്

ചെലവ് : ₹ 78,000 ബിൽ നമ്പർ 16/18-19/21-02-19

₹ 58,000 തനത് ഫണ്ട്

തുല്യതാപഠനം എന്ന മേൽ പദ്ധതി പ്രകാരം 7,10,+1 വിദ്യാർത്ഥികൾക്ക് തുല്യതാപരീക്ഷ എഴുതി സർട്ടിഫിക്കറ്റ് നൽകുന്നു. ഇതനുസരിച്ച് പത്താംതരം തുല്യതാപഠനത്തിനുള്ള 28 കുട്ടികൾക്ക് (@1750) ഫീസായി തനത് ഫണ്ടിൽനിന്നും ₹49,000 ഉം +1 തുല്യതാപഠനത്തിനുള്ള 36 കുട്ടികൾക്കുള്ള ഫീസായി (@2200) ₹79,200 ഉം (78,000 വികസനഫണ്ട്+1200 തനത് ഫണ്ട്) ഏഴാംതരം തുല്യതാപഠനത്തിനുള്ള അധ്യാപകർക്കുള്ള ഫീസായി ₹7800(തനത് ഫണ്ട്)ഉം അടക്കം ₹1,36,000 സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. സാക്ഷരതാമിഷനിൽനിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമല്ല. പദ്ധതി പ്രകാരം എത്ര കുട്ടികൾ പരീക്ഷ എഴുതിയിട്ടുണ്ടെന്നും എത്ര പേർക്ക് തുല്യതാസർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഏഴാംതരം

തുല്യതാവിദ്യാർത്ഥികൾക്കുള്ള ക്ലാസ് എടുത്ത അധ്യാപകർക്കുള്ള ഫീസായി ₹7800 തനത്ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും തുല്യതാപരീക്ഷ എഴുതിയ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ. 12 തീയ്യതി :27-08-2019)-ക്ക് രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-33 മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ -പി എച്ച് സി

എ) പ്രോജക്ട് നമ്പർ : 88/19

പേര് : പി എച്ച് സി കുന്നോത്ത് പറമ്പിലേയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ് )

ചെലവ് : 1,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ് )

ബിൽ നമ്പർ, തീയ്യതി : 6/18-19 , 24-10-2018

മേൽ പ്രോജക്ട് പ്രകാരം പി എച്ച് സി, കുന്നോത്ത് പറമ്പിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 1,00,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 59442- രൂപയുടെ മരുന്ന മാത്രമേ നാളിതുവരെയായി ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 40558/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല .

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.
ബി.സാന്ത്വന പരിചരണ പദ്ധതി:- അപാകങ്ങൾ – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 89/19

പേര് : സാന്ത്വനപരിചരണ പദ്ധതി

അടങ്കൽ : 4,89,774 (പൊതുവിഭാഗം സാധാരണ വിഹിതം ),

: 77,226(തനത് ഫണ്ട് )

: 1,00,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

: 1,00,000(ജില്ലാ പഞ്ചായത്ത് വിഹിതം )

ചെലവ് : 4,89,737 (പൊതുവിഭാഗം സാധാരണ വിഹിതം ),

: 41,330(തനത് ഫണ്ട്)

: 97,221(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിനായി 97,221 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 86,508 രൂപയുടെ മരുന്നു മാത്രമേ നാളിതുവരെയായി ലഭ്യമായിട്ടുള്ളൂ. ബാക്കി 10,713- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് പി വി സി ടാങ്ക് നൽകൽ - സബ്സിഡി തുകയിൽ അധികമായി നൽകിയത് ₹ 5,576 നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 68/19

പ്രോജക്റ്റ് പേര് : പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് പി വി സി ടാങ്ക് നൽകൽ

അടങ്കൽ : 24,000 (വികസന ഫണ്ട് - ടി എസ് പി)

ചെലവ് : 22,320 (വികസന ഫണ്ട് -ടി എസ് പി)

ബിൽ നമ്പർ, തീയ്യതി : 4/ 18-19 തീയതി 26.12.2018

മേൽ പ്രോജക്റ്റ് പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കൾക്ക്കുടിവെള്ള ശേഖരണത്തിന് പി വി സി ടാങ്ക് നൽകൽ പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ അനു ഏജൻസിയിൽ നിന്ന് @ 2,790 പ്രകാരം , 8 ടാങ്ക് വാങ്ങിച്ച വകയിൽ മേൽ തുക നൽകിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.2.2018 ഖ-6.6 ൽ ഈ പ്രോജക്റ്റിന് നൽകാവുന്ന സബ്സിഡി 75% (പരമാവധി 3,000) ആണ്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടവാക്കുകയും വേണം . എന്നാൽ മുഴുവൻ തുകയും ടി എസ് പി ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. @2,790ന്റെ75%=2,093*8=16,744 മാത്രമേ ടി.എസ്.പി. ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ. ബാക്കി ₹ 5,576 ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും നൽകിയതിനാൽ അധികമായി നൽകിയ ₹ 5576 നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 25 തീയതി -29.8.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-35 പട്ടികവർഗ്ഗകോളനിയ്ക്ക് സോളാർ ലൈറ്റ്-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്,സോഷ്യൽ മാപ്പ് ഹാജരാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ:അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 225/19

പ്രോജക്ട് പേര് : പട്ടികവർഗ്ഗകോളനിയ്ക്ക് സോളാർ ലൈറ്റ്

അടങ്കൽ : 17,990 (വികസന ഫണ്ട് - ടി എസ് പി)

: 7,010 (തനത് ഫണ്ട്)

--------------

: 25,000

---------------

ചെലവ് : 7,010 (തനത് ഫണ്ട്)

17990 – വികസന ഫണ്ട് – ടി.എസ്.പി. ഈ വർഷം ക്യൂ ബില്ലിലായതിനാൽ നൽകിയിട്ടില്ല.

ചെക്ക് നമ്പർ, തീയ്യതി : 21801260 തീയതി 27.3.2019

മേൽ പ്രോജക്ട് പ്രകാരം പട്ടികവർഗ്ഗ കോളനിയ്ക്ക് സോളാർ ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്ക് വേണ്ടികുറഞ്ഞ നിരക്കിലുള്ള ₹ 25,000 ക്വട്ടേഷൻ നൽകിയ ശ്രീലേഷ് സി., എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കല്ലിന്റെ ക്വട്ടേഷൻ സ്വീകരിച്ചിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലെ പശ്ചാത്തല പ്രോജക്ടുകളോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ആസൂത്രണ സമിതി അംഗീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (25/29.8.2019) മറുപടി നൽകിയിട്ടുണ്ട്.

## 1-36 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ (പുത്തൂർ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണപദ്ധതി ഘട്ടം 2 (പ്രോജക്ട് 8/19) പ്രകാരം ഭവനനിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഇതുവരെ നൽകിയ തുക | നൽകാൻ ബാക്കിയുള്ള തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശാന്ത പി.പി<br>പുത്തൻപുരയിൽ ഹൗസ്<br>ചെറുപ്പറമ്പ് പി.ഒ | 3,00,000 | 1,00,000 | മേൽക്കൂര പൂർത്തിയായി |
| 2 | ബിന്ദു കെ കെ<br>എള്ളുതട്ടിയ പറമ്പത്ത്<br>ളുവ്വക്കുന്ന് | 3,00,000 | 1,00,000 | മേൽക്കൂര പൂർത്തിയായി |
| 3 | സുജിന വി.പി<br>അടുങ്കുടി വയൽ<br>ളുവ്വക്കുന്ന് | 3,00,000 | 1,00,000 | മേൽക്കൂര പൂർത്തിയായി |
| 4 | ശാന്ത യു<br>ഉടുമ്പയിൽ<br>ളുവ്വക്കുന്ന് | 3,00,000 | 1,00,000 | മേൽക്കൂര പൂർത്തിയായി |
| 5 | ഉപ്പാട്ടി വി<br>കിണറുള്ള പറമ്പത്ത്<br>കണ്യാട്ട്<br>നരിക്കോട്ട് മല | 1,51,565 | 2,48,435 | ചുമർ |
| 6 | മന്ദി കണിയന്റവിട | 200000 | 2,00,000 | മേൽക്കൂര പൂർത്തിയായി |
| 7 | ജാനു കൈതേരിക്കണ്ടിൽ | 300000 | 1,00,000 | ലിന്റൽ |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 നിർവഹണ ഉദ്യോഗസ്ഥൻ രണ്ട് ക്യാഷ്ബുക്ക് സൂക്ഷിക്കുന്നു

ജി.ഒ പി 177/2006 ധന.12-04-2006ഉത്തരവ് പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും TR-7A ക്യാഷ്ബുക്ക് സൂക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം ആ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. രണ്ട് ക്യാഷ്ബുക്ക് സൂക്ഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കേണ്ടതാണ്.

എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ഡിപ്പാർട്ട്മെന്റ് ഫണ്ട് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു ക്യാഷ്ബുക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് മറ്റൊരു ക്യാഷ്ബുക്കും സൂക്ഷിച്ച് വരികയാണ് ചെയ്യുന്നത്. മാത്രമല്ല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള പ്ലാൻഫണ്ട് വിവരങ്ങൾ മാത്രമാണ് പ്രസ്തുത ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നത്. മറ്റ് ഫണ്ടുകളുടെ വരവ് ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക് സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന രീതിയിൽ കുറ്റമറ്റതായി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.7.2019 മുതൽ 23.7.2019 വരെ | കെ എസ് എ /കെ എൻആർ / സി.8/1328/19 തീയതി 14.08.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് | 75,000 | | 74,994 | 6 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 75,000 | പാലുല്പാദന ബോണസ് | 74,994 | 6 |
| | 1,00,000 | സാന്ത്വന പരിചരണം | 97,221 | 2,779 |
| | 1356923 | ലൈഫ് മിഷൻ ഭവന നിർമ്മാണം പദ്ധതി ഘട്ടം2 | 1356923 | 0 |
| | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| | 96,300 | ഒന്നാം ക്ലാസ് ഒന്നാംതരമാക്കൽ | 96,300 | 0 |
| | 64,375 | ലൈഫ് മിഷൻ ഭവന നിർമ്മാണം പദ്ധതി ഘട്ടം2 പട്ടിക വർഗ്ഗം | 64,375 | 0 |
| | മുൻബാക്കി 9622 | തിരിച്ചടച്ചത് | 9,622 | 0 |
| | മുൻബാക്കി 4,00,000 | ചെറുപ്പറമ്പ് ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 75,000 | പാലുല്പാദന ബോണസ് | 74,977 | 23 |
| | 6,77,320 | ലൈഫ് മിഷൻ ഭവന നിർമ്മാണം പദ്ധതി ഘട്ടം2 | 6,77,320 | |
| | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| | 1,36,000 | നെൽകൃഷിക്ക് കൂലിചെലവ് | 1,36,000 | 0 |
| | 85,000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 85,000 | 0 |
| | 32,100 | ഒന്നാം ക്ലാസ് ഒന്നാംതരമാക്കൽ | 32,100 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| | മുന്നിരിപ്പ് 3,50,000 | മല്ലിശ്ശേരി കുളം നവീകരണം | 2.83,690 | 66310 |
| | 47.190 | ലൈഫ് മിഷൻ ഭവന നിർമ്മാണം പദ്ധതി ഘട്ടം2 പട്ടിക വർഗ്ഗം | 47,190 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 37,65,757 വരവുണ്ട്. ഈ വർഷം തിരിച്ചടവിനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

| ക്ര. നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി (ലോൺ രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി | ജി ഒ( എം എസ്)2278/18/ തസ്വഭവ തീയതി 18/8/18 | 3765757 | - | - | - | 3765757 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,00,000 |
| ആകെ | 1,00,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൊളവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 9.7.2018 | ഒരു വർഷം | 50,00,000 | - |
| | | 29.1.2019 | | 50,00,000 | |
| ആകെ | | | | 1,00,00,000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 8418/- രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ<br><br>പ്പേരും | രശീത് നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2012-13 | 2-7എ(3) | 2500 | മാനേജർ ജില്ല സഹകരണ ബാങ്ക്, പാറാൽ | 118040104704/12-11-18 |
| 2007-08 | 3(27) | 918 | എം കെ സജിത്ത് കുമാർ | 11804010810 31/09/19 |
| 2011-12 | 2-7(ബി) | 1250 | മാനേജർ മാവേലി സ്റ്റോർ ,ചെണ്ടയാട് | 118040105130/28/11/18 |
| | | 1250 | | 118040105131/28/11/18 |
| | | 1250 | | 118040105132/28/11/18 |
| | | 1250 | | 118040105133/28/11/18 |
| | ആകെ | 8418 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78795071 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 84696803 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16,667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,83,000 |

(ബി).<u>പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-21 | | 11,091 | ശ്രീ.എം .ഹരിദാസൻ (സെക്രട്ടറി ) |
| 1-34 | | 5,576 | ശ്രീ.എം.കെ.സജിത്ത്കുമാർ(അസിസ്റ്റന്റ് സെക്രട്ടറി ) |
| | ആകെ | 16667/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 3,39,500 | ശ്രീമതി.സുജ കാരാട്ട് (കൃഷി ഓഫീസർ) |
| 1-26 | 43,500 | ശ്രീമതി.സുജ കാരാട്ട് (കൃഷി ഓഫീസർ) |
| ആകെ | 383000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2106 | ശ്രീ.എം .ഹരിദാസൻ (സെക്രട്ടറി ) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹരിദാസൻ എം . (സെക്രട്ടറി ) | റിട്ടയർ ചെയ്തു | ശ്രീ. ഹരിദാസൻ എം., മുളിയിൽ ഹൗസ് , പാലയാട് പി.ഒ., പിൻ. 670661 |
| ശ്രീ.എം.കെ.സജിത്ത്കുമാർ(അസിസ്റ്റന്റ് സെക്രട്ടറി ) | അസിസ്റ്റന്റ് സെക്രട്ടറി നാദാപുരം ഗ്രാമ പഞ്ചായത്ത് | 'നീഹാരം', മുയിപ്പോത്ത് , കോഴിക്കോട് ജില്ല |
| ശ്രീമതി. സുജ കാരാട്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, | ചന്ദന, |

| | | |
|---|---|---|
| | കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | പൂക്കോട് പി.ഒ., പിൻ 670691 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 2 | |
| 2001-02 (പദ്ധതി വിഹിതം ) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 2 | |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 4 | |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 7 | |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 9 | |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 5 | |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/843/2019<br>തീയതി 13-06-2019 | 9 | |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ | 20 | |

| | | | |
|---|---|---|---|
| | സി.8/843/2019<br>തീയതി 13-06-2019 | | |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/843/2019<br>തീയതി 13-06-2019 | 10 | |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/843/2019<br>തീയതി 13-06-2019 | 3 | |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/843/2019<br>തീയതി 13-06-2019 | 7 | |
| 2011-12,<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/843/2019<br>തീയതി 13-06-2019 | 46 | |
| 2013-14,<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.10/968/2016<br>തീയതി 30-06-2016 | 8 | |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.10/2010/2016<br>തീയതി04-01-2017 | 10 | |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/1714/2017<br>തീയതി 09-11-2017 | 22 | |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.8/254/2019<br>തീയതി 28-03-2019 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.8/1457/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 17.10.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kunnothuparamba Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 54142958.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1422330.00 |
| 140000000 | Fees & User Charges | RP-4 | 849722.00 |
| 150000000 | Sale & Hire Charges | RP-5 | 261490.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53995001.00 |
| 171000000 | Interest Earned | RP-9 | 435911.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13055479.00 |
| 350000000 | Other Liabilities | RP-36 | 290578.00 |
| | | | |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 88762.00 |
| 311000000 | Earmarked Funds | RP-29 | 2152.00 |
| 330000000 | Secured Loans | RP-32 | 3765757.00 |
| 340000000 | Deposits Received | RP-34 | 5500.00 |
| 350000000 | Other Liabilities | RP-36 | 257605.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4358784.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 132938029.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3459627.00 |
| 220000000 | Administrative Expenses | RP-12 | 1267501.00 |
| 230000000 | Operations & Maintenance | RP-13 | 1468783.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6301438.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24390065.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1108846.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 50000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 240200.00 |
| 255000000 | Maintenance Projects | RP-20 | 10106166.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -3740.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3420980.00 |
| 350000000 | Other Liabilities | RP-36 | 6616443.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1950.00 |
| 280000000 | Prior Period Item | RP-26 | -14500.00 |
| 340000000 | Deposits Received | RP-34 | 106800.00 |
| 350000000 | Other Liabilities | RP-36 | 2142842.00 |
| 410000000 | Fixed Assets | RP-38 | 6378083.00 |
| 412000000 | Capital work in Progress | RP-40 | 6466380.00 |
| 420000000 | Investments | RP-41 | 10000000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1158939.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 48175959.00 |
| Cash | Cash | RP-40(b) | 65267.00 |
| | Grand Total | 132938029.00 | |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kunnothuparamba Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5264081.00 |
| | | | |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 1102172.00 |
| 150000000 | Sale & Hire Charges | I-5(b) | 268873.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 144109201.00 |
| 171000000 | Interest Earned | I-8 | 435911.00 |
| 180000000 | Other Income | I-9 | 104262.00 |
| | Total Income | | 151284500.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10578206.00 |
| 220000000 | Administrative Expenses | I-11(b) | 1267501.00 |
| 230000000 | Operations & Maintenance | I-12(b) | 1674391.00 |
| 240000000 | Interest & Finance Charges | I-13 | 1950.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7392288.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45404328.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1108846.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 50000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58646900.00 |
| 255000000 | Maintenance Projects | I-14(e) | 10106166.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1530000.00 |
| 272000000 | Depreciation | I-17(a) | 9144928.00 |
| | Total Expenditure | | 146905504.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 4378996.00 |
| 280000000 | Prior Period Item | I-18 | 626513.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3752483.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Kunnothuparamba Grama Panchayath<br>BALANCE SHEET | | | |
|---|---|---|---|
| As on 31st March 2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25626581.24 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 50734.00 |
| 312000000 | Reserves | B-3 | 65704645.00 |
| | Total Reserve & Surplus | | 91381960.24 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4956943.00 |
| | Total Grants, Contributions for Specific Purposes | | 4956943.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3765757.00 |
| | Total Loans | | 3765757.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 380540.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 3651575.76 |
| | Total Current Liabilities and Provisions | | 4032115.76 |
| | TOTAL LIABILITIES | | 104136776.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 83210653.00 |
| 411000000 | Accumulated Depreciation | B-11 | -38802280.00 |
| 412000000 | Capital Work in Progress | B-11(a) | 609322.00 |
| | Total Fixed Assets | | 45017695.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000000.00 |
| | Total Investments | | 10000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 55909.00 |
| 450000000 | Cash and Bank Balance | B-17 | 48241226.00 |
| 460000000 | Loans, Advances and Deposits | B-18 | 821946.00 |
| | Total Current Assets, Loans and Advances | 49119081.00 | |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | 104136776.00 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.